# എ.ഡി.ബി എന്തുകൊണ്ട് എതിർക്കപ്പെടുന്നു?

**പ്രാഥമികാവശ്യമായ** കുടിവെള്ളം മുതൽ വിമാനത്താവളവും തുറമുഖവും വരെയുള്ള സകല മേഖലകളിലും കേരളം വികസനം ആവശ്യപ്പെടുന്നുണ്ട്. അതൊന്നും ഏറ്റെടുക്കാൻ സംസ്ഥാന സർക്കാറിന്റെ കൈയിൽ പണമില്ല. കേന്ദ്രത്തിന്റെ കൈയിലുമില്ല പണം. കടംവാങ്ങി വേണം എല്ലാം ചെയ്യാൻ. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് നമുക്ക് കടം തരാൻ തയാറാണ്. അതുവാങ്ങി പദ്ധതികൾ പൂർത്തീകരിക്കാൻ സർക്കാറും നഗരസഭകളും തീരുമാനിച്ചു. അവർക്കതല്ലാതെ മറ്റെന്തു വഴി? ഇതാണ് എ.ഡി.ബി വായ്പക്കുവേണ്ടി വാദിക്കുന്നവർ ഉന്നയിക്കുന്ന ലളിതമായ ന്യായം.

പ്രത്യക്ഷത്തിൽ സുതാര്യമായി തോന്നാവുന്ന ഈ വായ്ത്താരിക്കുപിന്നിൽ ഗുരുതരമായ പല പ്രശ്നങ്ങളും ഒളിച്ചിരിക്കുന്നുണ്ട്. സർക്കാറിന്റെ കൈയിൽ വികസനത്തിന് പണമില്ലാതെ വന്നതെന്തുകൊണ്ട് എന്നതാണ് ഒന്നാമത്തെ പ്രശ്നം. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 90 ശതമാനവും ഉദ്യോഗസ്ഥർക്ക് ശമ്പളം (5336 കോടി), പെൻഷൻ (2601 കോടി), പലിശയടവ് (3612 കോടി) എന്നീ മൂന്നിനങ്ങളിൽ ചെലവാക്കുകയാണ്. ബാക്കി പത്തുശതമാനം അഴിമതിയിലും കെടുകാര്യസ്ഥതയിലും പാഴാകുന്നു. ശതകോടികൾ നികുതിയിനത്തിൽ പിരിച്ചെടുക്കപ്പെടാതെ കിടക്കുന്നു. അപ്പോഴും മന്ത്രിമന്ദിരങ്ങൾ മോടികൂട്ടൽ തുടങ്ങി താഴോട്ടുള്ള ധൂർത്തുകൾക്ക് ഒരു കുറവുമില്ല. ഇഛാശക്തിയുള്ള ഒരു സർക്കാർ വിചാരിച്ചാൽ നിയന്ത്രിക്കാനാവാത്തതല്ല ഈ സ്ഥിതിവിശേഷം. പക്ഷേ, ആ വഴിക്കു നീങ്ങുന്നത് വോട്ടുരാഷ്ട്രീയത്തിന് ദോഷം ചെയ്യുമെന്നതിനാൽ തികഞ്ഞ നിഷ്ക്രിയത്വം പാലിക്കുകയാണ് സർക്കാർ. എന്നാൽ ഈ ധൂർത്തും കെടുകാര്യസ്ഥതയും പരിഹരിക്കാതെ നാം എത്ര കടംവാങ്ങിയാലും വികസിക്കുന്നത് കടമായിരിക്കും, രാജ്യമായിരിക്കുകയില്ല എന്നതാണ് വസ്തുത. ഇപ്പോൾ തന്നെ കേരളത്തിൽ ഓരോ കുഞ്ഞും ജനിക്കുന്നത് 17000 രൂപയുടെ കടം പേറിക്കൊണ്ടാണ്.

വികസനത്തിന് വിദേശവായ്പ എന്നത് അവസാനത്തെ ഓപ്ഷനാണ്. ആഭ്യന്തര സ്രോതസ്സുകളിൽനിന്നുള്ള വിഭവസമാഹരണമാണ് ആദ്യം പരിഗണിക്കേണ്ടത്. റിസർവ് ബാങ്കിന്റെ കണക്കുപ്രകാരം ഇന്ത്യൻ ബാങ്കുകളിൽ 23 ലക്ഷം കോടി രൂപ കെട്ടിക്കിടപ്പുണ്ട്. കേരളത്തിന്റെ നഗരവികസനത്തിനാവശ്യമായ തുക കടംതരാൻ മറുനാടൻ മലയാളികൾ സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. ഈ വഴികളൊന്നും അവലംബിക്കാൻ കേന്ദ്രത്തിന്റെ വ്യവസ്ഥകൾ അനുവദിക്കുന്നില്ലത്രെ. എങ്കിൽ, അവനവന്റെ പണം തലയണക്കടിയിൽ വച്ച് ആവശ്യം നടത്താൻ അന്യർക്ക് പലിശകൊടുത്ത് കടംവാങ്ങണമെന്ന ആ വ്യവസ്ഥക്കെതിരെ സമരം ചെയ്യുകയാണ് ആദ്യം വേണ്ടത്.

വികസിത രാജ്യങ്ങളുടെ ആവശ്യം കഴിച്ചുള്ള മിച്ചധനം അവികസിത-വികസ്വര രാജ്യങ്ങളിൽ ആധിപത്യമുറപ്പിക്കാൻ ഉപയോഗിക്കുന്നതിനുവേണ്ടി സംഘടിപ്പിക്കപ്പെട്ട സംവിധാനങ്ങളിലൊന്നാണ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്. വായ്പ വാങ്ങുന്ന സമൂഹത്തിൽ സോഷ്യലിസം സ്ഥാപിക്കുകയോ വികസനമുണ്ടാക്കുകയോ അല്ല അവരുടെ ലക്ഷ്യം. പ്രത്യുത അധമർണരുടെ സമ്പദ്ഘടനയെ തങ്ങളുടെ അഥവാ ആഗോളമുതലാളിത്തത്തിന്റെ ഭരണത്തിനുകീഴിലാക്കുക എന്നതാണ്. നമുക്ക് വായ്പ തന്നിട്ട് തിരിച്ചടവും കാത്തിരിക്കുകയല്ല അവരുടെ ജോലി; ആ വായ്പയിലൂടെ നമ്മെ ഭരിക്കുകതന്നെയാണ്. വായ്പ എന്തിനുപയോഗിക്കണം, എങ്ങനെ ഉപയോഗിക്കണം എന്നൊക്കെ ഉത്തമർണർ പറയും. അധമർണൻ അതെല്ലാം അനുസരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യും. അതിനുള്ള ബലിഷ്ഠമായ ചരടുകളാണ് കരാർ വ്യവസ്ഥകൾ.

സുസ്ഥിര നഗരവികസനത്തിനുള്ള എ.ഡി.ബി വായ്പയിലും ഈ ചരടുകൾ തെളിഞ്ഞു കാണാം. വായ്പകൊണ്ടുള്ള പദ്ധതികൾ കൈകാര്യം ചെയ്യുന്നത് എ.ഡി.ബിയോട് വിധേയത്വമുള്ള സംഘങ്ങളും സ്ഥാപനങ്ങളുമായിരിക്കണം. എ.ഡി.ബി അംഗീകാരമുള്ള കൺസൾട്ടൻസികളായിരിക്കണം പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നത്. ധനവിനിയോഗവും ഓഡിറ്റിംഗും എ.ഡി.ബി നിർദേശമനുസരിച്ചാവണം. എ.ഡി.ബി ലിസ്റ്റുചെയ്ത കമ്പനികൾക്കേ പദ്ധതികൾ കരാർ കൊടുക്കാവൂ. സാങ്കേതിക വിദഗ്ധരിൽ നിശ്ചിത ശതമാനം വിദേശികളായിരിക്കണം. പദ്ധതി സംബന്ധിച്ച ഏതു രേഖയും ഏതു ഓഫീസിലും കയറിച്ചെന്ന് പരിശോധിക്കാൻ എ.ഡി.ബി ഉദ്യോഗസ്ഥർക്ക് അനുവാദമുണ്ടായിരിക്കും. ജലവിതരണവും മാലിന്യസംസ്കരണവും ഉൾപ്പെടെ ജനങ്ങൾക്കു നൽകുന്ന ഏതു സേവനവും അളക്കുകയും അവരിൽനിന്ന് വില ഈടാക്കുകയും വേണം. ഇത്തരം വ്യവസ്ഥകളിലൂടെ എ.ഡി.ബി ഉന്നംവെക്കുന്നത് അധമർണരുടെ സമ്പദ്ഘടനയെ നിയന്ത്രിക്കുകയും സർക്കാറിന്റെ സകലസേവനനടപടികളെയും കച്ചവടവൽക്കരിക്കുകയും വികസനത്തെ അരാഷ്ട്രീയവും ജനാധിപത്യമുക്തവുമാക്കുകയുമാണെന്ന് വ്യക്തം. ഇതുവഴി സാമ്പത്തിക വളർച്ചയുണ്ടായാൽ പോലും അടിസ്ഥാനവർഗങ്ങൾക്കത് പ്രയോജനപ്പെടുകയില്ല. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സൗജന്യങ്ങളും സബ്സിഡികളും നഷ്ടപ്പെട്ട് അവർ കൂടുതൽ കൂടുതൽ പാർശ്വവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കും. ആഗോളവൽക്കരണം അരങ്ങേറിക്കൊണ്ടിരിക്കുന്ന ഇന്ത്യയിൽ പോയവർഷം 9.2 ശതമാനം സാമ്പത്തിക വളർച്ചയുണ്ടായപ്പോൾ കാർഷിക വളർച്ച 2.5 ശതമാനമാണെന്നോർക്കുക.

എ.ഡി.ബി വായ്പയുടെ അപകടങ്ങൾ ആദ്യം തിരിച്ചറിഞ്ഞവരാണ് ഇടതുപക്ഷ പാർട്ടികൾ. കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് എ.ഡി.ബിക്കെതിരെ അവർ നടത്തിയ പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ആരും മറന്നുകാണില്ല. എ.ഡി.ബിയിൽനിന്ന് കടം വാങ്ങിയാൽ ഒരു പൈസപോലും തിരിച്ചുകൊടുക്കില്ല എന്നുപറഞ്ഞയാളാണ് ഇന്നത്തെ മുഖ്യമന്ത്രി. അദ്ദേഹം ഉൾപ്പെടുന്ന എൽ.ഡി.എഫ് നേതൃയോഗം ഏകകണ്ഠമായിട്ടാണത്രെ സുസ്ഥിര നഗരവികസനത്തിന് എ.ഡി.ബി വായ്പ വാങ്ങാൻ തീരുമാനമെടുത്തത്. വായ്പയുടെ ജനവിരുദ്ധ വ്യവസ്ഥകളെല്ലാം തങ്ങൾ മാറ്റിയിരിക്കുന്നു എന്നാണ് ന്യായം. പക്ഷേ, എ.ഡി.ബി വെബ്സൈറ്റ് ഇത് സാധൂകരിക്കുന്നില്ല. കേരളത്തിലെ എൽ.ഡി.എഫിന്റെ ഇംഗിതമനുസരിച്ച് എ.ഡി.ബി അതിന്റെ വ്യവസ്ഥകൾ മാറ്റുമെന്ന് ആ സ്ഥാപനത്തെ അറിയുന്നവരാരും കരുതുകയുമില്ല.

എ.ഡി.ബി വായ്പയെ എതിർക്കുന്നവർ വികസനവിരുദ്ധരും രാജ്യത്തോട് ഉത്തരവാദിത്വമില്ലാത്ത വരട്ടു തത്ത്വവാദികളുമാണെന്ന് പറഞ്ഞ് മലർന്നുകിടന്ന് തുപ്പാൻ വരെ സി.പി.എം സെക്രട്ടറി തയാറായിരിക്കുന്നു. സാമ്രാജ്യത്വ ചരടുകൾ വ്യക്തമായി തിരിച്ചറിയുകയും ബഹുജനങ്ങളെ ശക്തിയായി ബോധവൽക്കരിക്കുകയും ചെയ്തിരുന്ന ഇടതുപക്ഷ യുവജന പ്രസ്ഥാനങ്ങളും ഇന്ന് നിഷ്ക്രിയരാണ്. യജമാനന്മാർ മുദ്രകാണിച്ചപ്പോൾ കുരച്ചു എന്ന മാനം മാത്രമേ തങ്ങളുടെ പഴയ പ്രതിഷേധ കോലാഹലങ്ങൾക്കുള്ളൂ എന്നാണ് സ്വന്തം നിലപാടിലൂടെ അവർ വ്യക്തമാക്കുന്നത്. നിശ്ശബ്ദമായി ഇരിക്കാനാണ് ഇപ്പോഴത്തെ ആംഗ്യം.

എ.ഡി.ബി വായ്പയുടെ ഭവിഷ്യത്തുകൾ തിരിച്ചറിയുന്ന ഇസ്ലാമിക പ്രവർത്തകരടക്കമുള്ള സാമ്രാജ്യത്വവിരുദ്ധ ചേരിയുടെ ഉത്തരവാദിത്വം വർധിപ്പിച്ചിരിക്കുകയാണീ സാഹചര്യം. അവർ ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുകയും പ്രതിഷേധം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. സാമ്രാജ്യത്വ ശക്തികളെയും അവരുടെ പിണിയാളുകളെയും തളക്കാൻ ഒരുപക്ഷേ സാധിച്ചില്ലെങ്കിൽപോലും കാലഘട്ടം തങ്ങളിലർപ്പിച്ച ഒരുത്തരവാദിത്വം നിർവഹിച്ചു എന്ന് തീർച്ചയായും അവർക്കു സമാധാനിക്കാം. ■